# Index

Vicar's Message…………………………....... 2

Article ........................................................ 4

Article ........................................................ 6

Announcements.......……………….……….. 7

Bible Crossword …....................................…12

Bible Quiz .................................................. 14

Events Photos.....………………………..….. 17



Wish you a blessed Christmas



# Vicar's Message

**<u>"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവന് ഇമ്മാനുവേൽ എന്ന് പേര് വിളിക്കും".(യെശ:7:14)</u>**

**ദൈവതിരുനാമത്തിനു മഹത്വം.**

വീണ്ടും ഒരു ജനന തിരുനാളിനു നമ്മൾ സാക്ഷ്യം വഹിക്കുകയാണ്. സ്വർഗ്ഗം ഭൂമിയോളം ഇറങ്ങി വന്ന അനുഭവമാണ് ക്രിസ്തുമസ്. മാനവകുലത്തിന്റെ രക്ഷക്കായി സ്വർഗ്ഗത്തിലെ ദൈവം തന്റെ ഏകജാതനെ ഭൂമിയിലേക്ക് അയച്ച ആ അനന്ത സ്നേഹത്തെ നമ്മൾ തിരിച്ചറിഞ്ഞ് ജീവിക്കേണ്ടതിന്റെ ആവശ്യം ഈ ദിനങ്ങളിൽ ദൈവത്തിന്റെ ആത്മവ് നമ്മെ ഓർമ്മപ്പെടുത്തുകയാണ്. ലൂക്കോസിന്റെ സുവിശേഷം 2–ാം അദ്ധ്യായം 9 മുതൽ 12 വരെയുള്ള ഭാഗങ്ങൾ യേശുവിന്റെ ജനനത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. നമ്മുടെ നിലവിലുള്ള ജീവിത സാഹചര്യങ്ങളുമായ് താരതമ്യം ചെയ്യുമ്പോൾ; ബേത്ലേഹേമിലെ കാലിത്തൊഴുത്ത് നല്ല പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്.

**<u>ക്രിസ്തുമസ് ലാളിത്യത്തിന്റെ മുഖമുദ്ര</u>**

ആധുനിക ലോകത്തിൽ ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ വളർച്ച, വിദ്ധ്യാഭ്യാസ മേഖലകളിലും സാമ്പത്തിക ഭദ്രതയിലും നമ്മിൽ പലരും മെച്ചമായ നിലയിൽ ആയിരിക്കാം. മുൻകാലങ്ങളിൽ നിന്നും മെച്ചമായ ജീവിത നിലവാരം പുലർത്തുന്നവരുമാകാം. നല്ലതു തന്നെ. ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ അവന് അത്യാവശ്യം വേണ്ട ഒരു Quality യാണ് ലളിതമായ മനോഭാവം. ഇന്ന് മനസ്സിന്റെ കാഠിന്യം പല ബന്ധങ്ങളെയും തകർത്തിട്ടുണ്ട്. പണത്തിന്റെ സ്വാധീനവും അംഗീകാരങ്ങളുടെ പുറകെയുള്ള ഓട്ടവും പലരേയും നിഷ്പ്രഭമാക്കിയിട്ടുണ്ട്. ഇവിടെ ജീവിത മൂല്യങ്ങളുടെ നിലനില്പ്പിന്, മനുഷ്യത്വ നിലാപാടുകൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്. നമ്മുടെ സുഖ സൗകര്യങ്ങളുടെയും ജീവിത നിലവാരങ്ങളുടെയും ഇപ്പോഴുള്ള അവസ്ഥയിൽ നിന്നു താഴെക്കു പോകുവാൻ നമ്മൾ ആഗ്രഹിക്കുകയുമില്ല, ഇഷ്ടവുമല്ല. അങ്ങനെ സംഭവിച്ചാൽ മറികടക്കാനുള്ള വഴി നമ്മൾ കണ്ടെത്തും. നമ്മുടെ മനസ്സ് ആ വഴിയിലൂടെ പോകും. ഓർക്കുക ഈ ലോകപ്രപഞ്ചത്തിന്റെ സൃഷ്ടാവും നിയന്താവുമായ സർവ്വേശ്വരനായ പൊന്നു തമ്പുരാന്റെ തിരുകുമാരന് ജനിക്കാൻ കിട്ടിയ ഇടം കാലിത്തൊഴുത്ത്! മനുഷ്യക്ക് നാനാവിധത്തിലുള്ള ധനങ്ങൾ വാരിക്കോരികൊടുക്കുന്നവന് ഉടുക്കാനുള്ളതോ കീറ്റുശീലയുടെ ഭാഗം. അന്തിയുറങ്ങുന്ന നമ്മുടെ കുഞ്ഞുങ്ങൾക്ക് നൽകുന്ന സംരക്ഷണത്തിനുവേണ്ടി നാം ചിലവിടുന്നത് എത്രത്തോളം. നമുക്ക് സഹിക്കില്ല നേരെ മറിച്ചൊരു അനുഭവം വന്നാൽ. പാതയോരങ്ങളിൽ, ഓടകളിൽ, കടത്തിണ്ണയിൽ ജനസഞ്ചയങ്ങളുടെ പാദസ്പർശനങ്ങളുടെ നടുവിൽ കിടന്നുറങ്ങുന്ന ബാല്യങ്ങൾ നിരവധി.അനാഥത്വത്തിന്റെ മുമ്പിൽ ചൂണ്ടുവിരലായ് നിൽക്കുന്ന ഈ ജീവിതങ്ങൾ, ബേത്ലേഹേമിലെ കാലിത്തൊഴുത്തുമായി എന്തു വിത്യാസം? പ്രിയരെ നാം തിരിച്ചറിയണം പുൽകൂടിന്റെ സാദൃശ്യത്തിൽ നമ്മുടെ ഭവനങ്ങൾ അലങ്കരിക്കുമ്പോൾ അത് യാഥാർത്ഥ്യമാക്കിയ, അനുഭവിച്ച യേശുവിന്റെ ലാളിത്യം നമ്മൾ മറക്കരുത്. നമ്മുടെ മക്കൾ വളർന്നു വരുമ്പോൾ, അവക്ക് തിരിച്ചറിവുണ്ടാക്കാൻ അവരെ ബോധവാന്മാരാക്കണം. നമുക്കുള്ളതുപോലെ സൗകര്യങ്ങളോ, സ്വപ്നങ്ങൾ മനസ്സിൽ കൊണ്ടുനടക്കുന്ന ആളുകളെ നാം കാണണം. അവരുടെ മുഖത്ത് പുൽകൂട്ടിൽ കിടക്കുന്ന ഉണ്ണിയേശുവിന്റെ നറുപുഞ്ചിരി കാണണം. നമ്മുടെ മുൻ വികാരി സാംസൺ അച്ചന്റെ സ്ഥാപനം 'പെലിക്കൺ സെൻറർ' അതൊരു ബത്ലേഹേമാണ്. ഒറ്റപ്പെടലും മരവിച്ച മനസ്സും രോഗത്തിന്റെ പിടിയിലുമായി കിടക്കുന്ന ജീവിതങ്ങൾ,

ബഹുമാനപ്പെട്ട അച്ചൻ പകരുത്ത സാന്ത്വനത്തിൻെറ ശുശ്രൂഷ യേശുവിൻെറ ലാളിത്യത്തിൻെറ പ്രതിഫലനമാണ്. ദൈവത്തിനു സ്തോത്രം.

**ക്രിസ്തുമസ് സന്തോഷത്തിൻെറ നിറവ്**

"സർവ്വജനത്തിനും ഉണ്ടാകുവാനുള്ള ഒരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു."ലൂക്കോ.2:10. ക്രിസ്തുമസ് മനുഷ്യജീവിതങ്ങളിൽ നിറഞ്ഞ സന്തോഷം പകരുന്ന അനുഭവമാണ്. പുൽകൂടും, ട്രീയും, നക്ഷത്രങ്ങളും, കണ്ണഞ്ചിപ്പിക്കുന്ന വർണ്ണങ്ങൾ തെളിയിക്കുമ്പോൾ മനസ്സിന് കുളിർമ തരുന്നു. ഇതു പരസ്പരമുള്ള സ്നേഹത്തിൻെറയും ഒത്തുചേരലിൻെറയും ആഹ്വാനം കൂടിയാണ്. സംഘർഷങ്ങൾ നിറഞ്ഞ ജീവിത സാഹചര്യങ്ങളിൽ അല്പം അയവു വരുത്താൻ കഴിയുന്നു. വിദ്വേഷവും വെറുപ്പും വൈരാഗ്യബുദ്ധിയും മത്സരബോധവും നമ്മിൽ നിന്നകറ്റി സാർവ്വ ലൗകീക സ്നേഹം പകരാൻ നമുക്ക് കഴിയണം. ക്രിസ്തുമസ്സിൻെറ സന്തോഷം ഏതൊരാൾക്കും ദൈവം സൗജന്യമായി നൽകുന്നു. "നമ്മുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവൻെറ തോളിൽ ഇരിക്കുന്നു. അവൻ അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്നു പേര് വിളിക്കപ്പെടും" (യെശയ്യാവു:9:6). കാലങ്ങളും യുഗങ്ങളും മാറിമറഞ്ഞു പോകുന്നു. ലോകത്തിൻെറ ഗതിവിഗതികൾക്കു മാറ്റം സംഭവിച്ചുവെന്നിരിക്കും. മനുഷ്യനു അളന്നു തിട്ടപ്പെടുത്താൻ കഴിയാത്ത ഒന്നുണ്ട്. ദൈവത്തിൻെറ അനന്തമായ സ്നേഹവും കരുതലും. ജീവിതത്തിൻെറ ലാളിത്യവും നിഷ്കളങ്കതയും ചോന്നു പോകാതെ നമുക്ക് സൂക്ഷിക്കാം. സന്തോഷത്തിൻെറ സമാധാനത്തിൻെറ തിരി നമുക്ക് തെളിയിക്കാം. നമ്മടെ ബന്ധങ്ങൾ കൂടുതൽ സുതാര്യമാക്കാം. മറക്കാൻ പറ്റാത്ത ഓർമ്മകൾ സമ്മാനിക്കുന്ന ക്രസ്തുമസ്സ് രാവുകൾ ദൈവം നമുക്ക് സന്തോഷത്തിൻെറ അനുഭവങ്ങൾ നൽകട്ടെ. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സന്തോഷത്തിൽ നമുക്കും പങ്കുചേരാം.

ആട്ടിടയന്മാരോടുകൂടെ പുൽകൂടിനോടു ചേർന്നിരുന്ന് നമുക്ക് ഉണ്ണിയേശുവിനെ കാണാം. രാജാക്കന്മാരുടെ കൂടെ അവനായ് നമുക്ക് കാഴ്ചകളർപ്പിക്കാം. സ്വർഗ്ഗസേനകളോടുകൂടെ നമുക്ക് പറയാം "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യക്കു സമാധാനം"(ലൂക്കോ:2:14)

എല്ലാവർക്കും ഊഷ്മളമായ ക്രിസ്മസ് മംഗളങ്ങൾ നേരുന്നു.

സ്നേഹപൂർവ്വം,

ക്രിസ്തുയേശുവിൽ,

നിങ്ങളുടെ സജിയച്ചൻ.



# *Article*

## പൗരോഹിത്യം പുതിയ നിയമത്തിൽ

**മാമ്മോദീസാ ജലം ഉച്ചിയിലൊഴിച്ച് ഒരു പൈതലിനെ നിത്യജീവനിലേയ്ക്ക് ഉയിർത്തുന്നതു മുതൽ ഒരു പിടി മണ്ണിട്ട് അവനെ നിത്യതയിലേയ്ക്ക് യാത്രയാക്കുംവരെ ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ മാറ്റി നിർത്താനാവാത്തവിധം ഇഴുകിചേർന്നു നിൽക്കുന്നു വൈദികൻ.**

പാപം മൂലം ദൈവത്തിൽ നിന്നകന്ന മനുഷ്യനെ സ്വയം ബലിയായി അർപ്പിച്ച്, നിത്യജീവന് അവകാശമാക്കാനാണ് യേശു മനുഷ്യാവതാരം ചെയ്തത്. പാപപരിഹാരം നല്കി ഈ മനുഷ്യാവതാര ലക്ഷ്യം പൂർത്തീകരിക്കുകയാണ് പൗരോഹിത്യത്തിലൂടെ പുതിയ നിയമത്തിൽ. സൃഷ്ടിയിൽ മനുഷ്യന് നല്കിയ ജീവശ്വാസം അപ്പസ്തോലന്മാരിൽ ഊതി.

പുതിയ നിയമത്തിൽ യേശു പാപപരിഹാരത്തിനുള്ള അധികാരം ശ്ലീഹന്മാർക്ക് നല്കുന്നു (യോഹന്നാൻ 20:22-23). ത്രിത്വത്തിൽ സ്നാനം ചെയ്യാനും, കല്പന പഠിപ്പിക്കാനും അപ്പസ്തോലന്മാരെ യേശു ഭരമേൽപ്പിക്കുന്നു. (The great commission) (മത്തായി 28-19:20). അപ്പസ്തോലന്മാർ കൈവെപ്പിലൂടെ ഇത് സഭയ്ക്ക് നല്കുന്നു. (2തിമോത്തി 2, അപ്പസ്തോല പ്രവർത്തനങ്ങൾ 6:6). വിശുദ്ധ പത്രോസ് ശ്ലീഹ അന്ത്യോക്യായിൽ ഏവൊദോസിയോസിനേയും, പരി.ഇഗ്ന്യാത്തിയോസിനേയും വാഴിച്ചാക്കി.ആ തലമുറ ഇന്ന് സക്കാ പ്രഥമൻ വരെ എത്തി നില്ക്കുന്നു. അപ്പോസ്തോലത്യത്തിൻെറയും പാപപരിഹാരത്വത്തിൻെറയും അനസ്യൂതമായ തുടർച്ചക്കുള്ള കർത്തൃക്രമീകരണമാണ് പൗരോഹിത്യം.കൈവെപ്പിലൂടെ അത് മേല്പ്പട്ടക്കാർക്കും, പട്ടക്കാർക്കുമായി തുടർന്നു വരുന്നു.

### വൈദികൻെറ മഹത്വം

വൈദികൻെറ മഹത്വം എത്രയോ വലുത്,അവൻെറ പദവി എത്രയോ ശ്രേഷ്ഠം. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പരിശുദ്ധാത്മാവിൻെറ കിന്നരം എന്നറിയപ്പെടുന്ന വി.അഫ്രേം മല്പാൻ ഇങ്ങനെയെഴുതി. അമ്മേ എന്നോട് പരിഭവം തോന്നരുത് നിനക്ക് യേശുവിന് ജന്മം നല്കി ഒരു പ്രാവശ്യമല്ലേ കൈകളിലെടുക്കാൻ സാധിച്ചുള്ളു. എന്നാൽ ഒരു വൈദികൻ എത്രയോ പ്രാവശ്യം യേശുവിനെ കൂദാശപരമായി ജനിപ്പിച്ച് കൈകളിലെടുക്കുന്നു. പൗരോഹിത്യത്തിൻെറ കാര്യത്തിൽ എത്രയോ ഭാഗ്യവാന്മാരാണ് പുരോഹിതർ.

അസ്സീസ്സിയിലെ വി.ഫ്രാൻസിസ് പറഞ്ഞു. ഒരു മാലാഖയേയും, വൈദികനേയും ഒരുമിച്ച് കണ്ടാൽ ഞാനാദ്യം വൈദികൻെറ കൈ ചുംബിക്കും എന്ന്. മാമ്മോദീസാ ജലം ഉച്ചിയിലൊഴിച്ച് ഒരു പൈതലിനെ നിത്യജീവനിലേയ്ക്ക് ഉയിർത്തുന്നതു മുതൽ ഒരു പിടി മണ്ണിട്ട് അവനെ നിത്യതയിലേയ്ക്ക് യാത്രയാക്കുംവരെ ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ മാറ്റി നിർത്താനാവാത്തവിധം ഇഴുകിചേർന്നു നിൽക്കുന്നു വൈദികൻ.

ക്രിസ്തീയ സഭ, പൗരോഹിത്യത്തിലധിഷ്ഠിതമാണ്. വൈദികർ ക്രിസ്തുവിൻെറ പ്രതിപുരുഷന്മാരാണ്.വൈദികരില്ലെങ്കിൽ സഭ ഇല്ല. യേശുവിനെ സ്വീകരിക്കുന്നവൻ വൈദികരേയും സഭയേയും അംഗീകരിച്ചേ പറ്റു.വൈദികരെ ബലപ്പെടുത്തി നിർത്താൻ സഭതനയർ കടപ്പെട്ടിരിക്കുന്നു.അവരുടെ മാനുഷികമായ കുറവുകളെ നോക്കി പരിഹസിക്കുന്നവർ ഈ ഉദ്ധരണി ശ്രദ്ധിക്കുക. അവരുടെ വെളുത്ത വസ്ത്രത്തിലെ അഴുക്കിൻെറ പൊട്ടിനെ കാണുന്ന നിങ്ങളെന്തേ, അവരുടെ വേദനയുടെ മഹാസമുദ്രം കാണാതെ പോകുന്നു? വേർതിരിക്കപ്പെട്ടു എന്നതുകൊണ്ടു മാത്രം അവരുടെ മനസ്സിൻെറ ചഞ്ചലതകൾക്ക് നിങ്ങളെന്തേ നിറം കൊടുക്കുന്നു. അവരുടെ മജ്ജയും മാംസവും നിങ്ങൾ കാണാത്തതെന്തേ? അവർ നിങ്ങളുരട കുടുംബാഗമാണ്. നിങ്ങളുടെ അസ്ഥിയുടെ അസ്ഥിയും, മാംസത്തിൻെറ മാംസവുമാണവർ.

നമ്മുടെ ഉണ്മയുടെ ഉടയവനിലേയ്ക്കുള്ള ഈ സഗ്ഗോന്മുഖമായ തീർത്ഥാടനത്തിൽ നമ്മെ നയിക്കുന്ന പുരോഹിതരെ നമുക്ക് ബഹുമാനിക്കാം. അവരെ നമുക്ക് ബലപ്പെടുത്താം.

അവരുടെ മഹത്വത്തെക്കുറിച്ച്,നമ്മുടെ മക്കൾക്ക് മനസ്സിലാക്കി കൊടുക്കാം. സർവ്വോപരി ഈ ശുശ്രൂഷ പദവിയിലേയ്ക്ക് നമുക്കവരെ ആകർഷിക്കാം.ഈ മഹനീയമായ ദൈവ വിളിയിലേയ്ക്ക് യൗവനക്കാരെ ആകർഷിക്കാനും, അതിലായിരിക്കുന്നവരെ എല്ലാവിധത്തിലും ബലപ്പെടുത്താനും സഭാ നേതൃത്വത്തോടൊപ്പം നമുക്ക് കൈകോർക്കാം.

By,

Knanaya Chronicles

# New Born

Baby Girl to Mrs. Jaimol Saji & Mr. Saji C. Varkey (Ittan)

*Article*

## കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം (മത്തായി 22:39)

കർത്താവായ യേശുതമ്പുരാൻ അരുളിചെയ്ത പ്രധാന കല്പനകളിലൊന്നാണ് ഇത്. ആരാണ് യഥാർത്ഥ കൂട്ടുകാർ? നമ്മുടെ കൂടെ പഠിച്ചവരോ, ഒരുമിച്ച് sports-ലോ മറ്റ് കളികളിലൊ ഏർപ്പെടുന്നവരോ, ആവശ്യത്തിന് പണം കടം തരുന്നവരോ, അയൽപക്കത്ത് താമസിക്കുന്നവരോ. ബൈബിൾ പറയുന്നു ഇവരാരുമല്ല യഥാർത്ഥ കൂട്ടുകാർ.

കൊടുത്താൽ തിരിച്ച് തരാൻ കഴിവില്ലാത്തവർ, പട്ടിണി കിടക്കുന്നവർ, കഴിവ് കുറഞ്ഞവർ, പ്രത്യശക്ക് വകയില്ലാത്തവർ, അവശത അനുഭവിക്കുന്നവർ ആരോരും ഇല്ലാത്തവർ, ആലംബഹീനർ ഇവരാണ് യഥാർത്ഥ കൂട്ടുകാരെന്ന്. "എളിയവനെ പീഠിപ്പിക്കുന്നവൻ അവൻെറ സൃഷ്ടാവിനെ നിന്ദിക്കുന്നു. ദരിദ്രനോട് കൃപ കാണിക്കുന്നവനോ അവനെ ബഹുമാനിക്കുന്നു". എന്ന് സദൃശ്യ:14:31-ൽ പറയുമ്പോൾ ലൂക്കോസ് 10:29-37-ൽ ആരാണ് യഥാർത്ഥ കൂട്ടുകാരനെന്ന് യേശുതമ്പുരാൻ നമ്മെ കാണിച്ചു തരുന്നു.

ഒരു മനുഷ്യൻ യെരുശലേമിൽ നിന്ന് യരീഹോവിലേക്ക് പോകുമ്പോൾ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ട് അവരാൽ മുറിവേറ്റ് അർദ്ധ പ്രാണനായി വഴിയിൽ കിടക്കുന്നു. അതുവഴി കടന്നു വന്ന പുരോഹിതൻ അവനെ കണ്ടിക്ക് മാറി കടന്നുപോയി. അങ്ങനെ തന്നെ ഒരു ലേവ്യനും ചെയ്തു. ആ വഴി വന്ന ഒരു ശമര്യാക്കാരൻ അവനെ കണ്ടിട്ട് അരികെ ചെന്ന് എണ്ണയും വീഞ്ഞും പകന്ന് അവൻെറ മുറിവുകളെ കെട്ടി,അവനെ തൻെറ വാഹനത്തിൽ കയറ്റി വഴിയമ്പലത്തിലേക്ക് കൊണ്ടുപോയി അവനെ രക്ഷ ചെയ്തു. പിറ്റന്നാൾ അവൻ പുറപ്പെടുമ്പോൾ രണ്ട് വെള്ളി കാശ് എടുത്ത് വഴിയമ്പലക്കാരന് കൊടുത്തിട്ട് ഇവനെ രക്ഷ ചെയ്യണം അധികം വല്ലതും ചിലവിട്ടാൽ ഞാൻ മടങ്ങിവരുമ്പോൾ തന്നുകൊള്ളാം. ഇവർ മൂവരിൽ ആരാണ് ആ മനുഷ്യന് കൂട്ടുകാരനായി തീർന്നത്. കരുണ കാണിച്ച ശമര്യക്കാരനല്ലേ?.

പുരോഹിതനും, ലേവ്യനും യഹൂദ പ്രമാണങ്ങൾ എല്ലാം ശരിക്കും പഠിച്ചിട്ടുള്ളവരാണ്. നിയമങ്ങൾ അറിയാവുന്നവരാണ്. എന്നാൽ വിജാതിയനായ ശമര്യക്കാരന് പ്രമാണങ്ങളോ, നിയമങ്ങളോ ഒന്നും അറിയില്ല. പക്ഷേ അവശനായി കിടന്ന മനുഷ്യൻെറ അടുത്ത്ചെന്ന് അവനെ ശുശ്രൂഷിക്കുന്നു. യോഹ4:9 വായിക്കുമ്പോൾ യഹൂദനുമായി സംസർഗ്ഗമില്ലാത്ത ജാതികളായിരുന്നു ശമര്യാക്കാർ എന്ന് കാണാം. വഴിയിൽ പ്രാണവേദനയോടെ കിടന്ന യഹൂദനെ സഹായിക്കാൻ യഹൂദ പുരോഹിതനോ, ലേവ്യനോ തയ്യാറാകിടത്ത് ഒരു വിജാതിയനാണ് സഹായത്തിനെത്തിയത് എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

പ്രിയ ദൈവജനമേ ജാതിയോ, മതമോ, വർണ്ണമോ, വർഗ്ഗമോ നോക്കിയല്ല നാം മറ്റുള്ളവരെ സഹായിക്കേണ്ടത് എന്ന് യേശു പഠിപ്പിക്കുന്നു. സഹായം അർഹിക്കുന്നവരെ തക്കസമയത്ത് നാം സഹായിക്കണം. അവരെ കണ്ടിട്ടും കാണാത്തവരെപ്പോലെ മുഖംതിരിച്ച്

കളയുന്നുവെങ്കിൽ അത് വലിയ പാപമാണ്, കല്പന ലംഘനമാണ്. "കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്" (മത്തായി 7:21). "നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്ത് പ്രതിഫലം. ചുങ്കക്കാരും അങ്ങനെ തന്നെ ചെയ്യുന്നില്ലയോ? സഹോദരനെ മാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്ത് വിശേഷം ചെയ്യുന്നു. ജാതികളും അങ്ങനെ തന്ന ചെയ്യുന്നില്ലയോ? ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ, നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ" (മത്തായി 5:46–48). ദൈവത്തിന്റെ മക്കളായ നാം സൽപ്രവർത്തികൾ ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു. ദൈവം നമ്മെ ആക്കിവെച്ചിരിക്കുന്ന മേഖലകളിൽ ആത്മാർത്ഥതയോടെ, സത്യസന്ധതയോടെ ജോലി ചെയ്ത് ദൈവത്തെ മഹത്വപ്പെടുത്തുവാൻ നമുക്ക് കഴിയണം. "തൂക്കി നോക്കുന്ന ദൈവം നിന്റെ പ്രവർത്തികളിൽ നിന്നെ കുറവുള്ളവനായി കാണാതിരിപ്പാൻ"(ദാനിയേൽ 5:27). നമ്മുടെ ജീവിതത്തിലും യഥാർത്ഥ കൂട്ടുകാരെ കണ്ടെത്തി, ദൈവത്തിന് പ്രസാദകരമായ വിധത്തിൽ അവരെ സഹായിക്കുവാനും അതുവഴി കൂടുതൽ ദൈവാനുഗ്രഹം നമ്മിൽ ഉണ്ടാകുവാനും കർത്താവ് നമ്മെ സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ,



കർത്താവിൽ പ്രിയ സഹോദരൻ,

ബേബി മൂന്നുപീടിയേക്കൽ

അങ്കമാലി.

# Announcements

Dec. 15–ാം തിയതി മുതൽ 25–ാം തിയതി വരെ നിർബ്ബന്ധിത യൽദോ നോമ്പ്.

Dec. 24–ാം തിയതി ബുധനാഴ്ച്ച വൈകിട്ട് 7.00 മണി മുതൽ ക്രിസ്തുമസ് ശുശ്രൂഷ.

Dec. 26–ാം തിയതി Indian school, Jashammal Auditoriam - ത്തിൽ വച്ച് Christmas New year Program & ഇടവക സംഗമം വൈകിട്ട് 4.00 മണി മുതൽ 10.00 മണിവരെ നടത്തപ്പെടുന്നു.

Jan 1–ാം തിയതി Indian school, Jashammal Auditoriam - ത്തിൽ വച്ച് KCEC യുടെ ആഭിമുഖ്യത്തിൽ Christmas & New Year Program വൈകിട്ട് 4.30 മുതൽ നടത്തപ്പെടുന്നു.

# Essay Creative Writing - 1st Prize *(Adults Compitition)*

## വേരുകൾ

ഈ ലോകവും അതിലെ സകചരാചരങ്ങളും സർവശക്തനായ ദൈവത്താൽ യഥാസ്ഥാനപ്പെടുത്തിയിരിക്കുന്നു എന്ന് വിശ്വസിക്കുന്നവരാണ് ഞാനും നിങ്ങളും. ദൈവം, പിതാവ്-പുത്രൻ- പരിശുദ്ധാത്മാവ് എന്നീ ത്രിത്വത്തിൽ ഒന്നായിരിക്കുന്നതുപോലെ മനുഷ്യൻ ദേഹം, ദേഹി, ആത്മാവ് എന്നീ വ്യത്യസ്ത അവസ്ഥകളിൽ ഒന്നായിരിക്കുന്നു. ഇപ്രകാരം ഒന്നായിരിക്കുന്ന മനുഷ്യൻ തന്റെ ഭൗതീകവും ആത്മീകവുമായ വേരുകൾ ഇഹലോകത്തിൽ സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. ആധുനീക മനുഷ്യൻ ഇവ രണ്ടിലും വിജയിക്കുകയോ പരാജിതനാകുകയോ ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് 'വേരുകൾ' എന്ന വിഷയത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കേണ്ടത്.

പ്രധാനമായും ദ്വിമാനതലങ്ങളാണ് 'വേരുകൾ' എന്നതിലൂടെ നമുക്ക് വീക്ഷിക്കാവുന്നത്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം തന്റെ ആത്മീയ പാതയിലുള്ള ആഴവും പരപ്പും വിശ്വാസവും ആത്മീയ ജീവിതത്തിന്റെ വേരുകളെ ഊട്ടിയുറപ്പിക്കുമ്പോൾ അവിശ്വാസിയാകട്ടെ ഭൗമികവും ലൗകീകവുമായ പ്രതലത്തിൽ വേരുകൾ ഉറപ്പിക്കുവാൻ ശ്രമിക്കുന്നു .

വിശ്വാസം, ആത്മീയത, സ്നേഹം എന്നീ മൂന്നു ഘടകങ്ങളാണ് ആത്മീകമായ ഉറപ്പിന്റെ അടിസ്ഥാനം .

1) <u>വിശ്വാസം</u>:- ഈ ഘടകത്തിലൂടെ പ്രധാനമായും ആത്മീയ തലത്തിലുള്ള വേരുകളുടെ ഉറപ്പാണ് പ്രതിഫലിക്കുന്നത്. ദൈവസ്നേഹം പകരുക, സുവിശേഷം ഘോഷിക്കുക, പുതിയനിയമത്തിന്റെ ദൂതുവാഹകരാകുക ഇവയിലൂടെ ഒരു വിശ്വാസിക്ക് ക്രിസ്തുവാകുന്ന ജീവവൃക്ഷത്തിന്റെ വേരുകൾക്ക് പോഷണം നല്കുവാൻ സാധ്യമാവും.

2) <u>ആത്മീയത</u> :- പ്രാർത്ഥനാനിർഭരമായ ജീവിതം, ആരാധന, പഠനം തുടങ്ങിയ ഘടകങ്ങളിലൂടെ ഒരു വിശ്വാസിക്ക് തന്റെ ആത്മീയത ഉയർത്തിക്കാട്ടുവാനാകും. യെശയ്യ ദീർഘദർശി നമ്മെ ഓർമിപ്പിക്കുന്നത് പോലെ 'യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു ഉയരും.' ആ തീക്ഷ്ണത നമ്മുടെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുവാൻ നമുക്കു സാധിക്കണം.

3) <u>സ്നേഹം</u>:- അത്മീകതലത്തിലുള്ള വേരുകളുടെ ഊട്ടിയുറപ്പിക്കലിന്റെ മറ്റൊരു ഘടകമാണ് സ്നേഹം. സമസൃഷ്ടങ്ങളോട് ഉള്ള സ്നേഹവും കരുതലുമാണ് ദൈവീകരണത്തിന്റെ ഒരു പ്രധാന ചവിട്ടുപടി. പിന്തുടരുന്ന ദൈവസ്നേഹം മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാൻ കഴിഞ്ഞാൽ ക്രിസ്ത്യാനിയുടെ ജീവിതം പൂർണ്ണമായി എന്നു തന്നെ പറയാം.

'തിന്മയ്ക്കു പകരം തിന്മ ചെയ്യുന്നത് പൈശാചികം;

നന്മയ്ക്കു പകരം നന്മ ചെയ്യുന്നത് മാനുഷീകം

നന്മയ്ക്കു പകരം തിന്മ ചെയ്യുന്നതു മൃഗീയം

തിന്മയ്ക്കു പകരം നന്മ ചെയ്യന്നത് ക്രിസ്തുതുല്യം.'

യഥാർത്ഥ ക്രിസ്ത്യാനിയെന്നു അഭിമാനിക്കുന്ന നാമോരോരുത്തരും ക്രിസ്തുതുല്യമായ സ്നേഹവും കരുതലും മറ്റുള്ളവരിലേക്ക് പകരേണ്ടത് അനിവാര്യമാണ്. യേശുക്രിസ്തു ആകുന്ന ജീവവൃക്ഷത്തിന്റെ വേര്, പുതിയ നാമ്പുകൾ പുറപ്പെടുവിച്ചു വൃക്ഷം പൂക്കുകയും തളിർക്കുകയും ചെയ്യണമെങ്കിൽ വേര് ആഴത്തിലുള്ളതും ജീവനുള്ളതും ആവണം. അപ്രകാരം വിശ്വാസിയാകുന്ന വേരിനു വളമാകുന്ന വിശ്വാസം , ആരാധന, സ്നേഹം ഇവ അനുയോജ്യമാംവണ്ണം കൊടുത്താൽ മാത്രമേ ക്രിസ്തുവാകുന്ന വൃക്ഷത്തെ പ്രതിഫലിപ്പിക്കുവാൻ സാധിക്കുകയുള്ളൂ .

പുതിയ നാമ്പുകൾ പൊട്ടിമുളയ്ക്കുക എന്നത് ആത്മീയമായ ഭദ്രത നിറഞ്ഞ കുടുംബത്തെ സൂചിപ്പിക്കുന്നു. ബലവും ഓജസ്സുമുള്ള പുതിയ നാമ്പുകൾ പൊട്ടിമുളച്ചു വിശ്വാസത്തിലധിഷ്ടിതമായ ഒരു കുടുംബജീവിതം കൈവരിക്കുവാൻ നമുക്കു സാധിക്കണം.

4) <u>കാര്യവിചാരകത്ത്വത്തോടെയുള്ള ജീവിതം</u> ആത്മീയമായ വേര് ഊട്ടിയുറപ്പിക്കുന്നതിനു മറ്റൊരു ഘടകമാണ്. നമുക്കു ദൈവം ദാനമായി തന്നിട്ടുള്ള സമയം, ആരോഗ്യം, സമ്പത്ത് ഇവ മറ്റുള്ളവർക്ക് കൂടി പങ്കിട്ടുകൊണ്ട് ജീവിക്കുവാൻ കഴിയണം. എങ്കിൽ മാത്രമേ അന്ത്യവിധിനാളിൽ നമുക്കു ക്രിസ്തുവിന്റെ കൂട്ടാളികൾ ആയിരിക്കുവാൻ യോഗ്യത ലഭിക്കുകയുള്ളൂ.

വേരുകൾ എന്നതിന്റെ മറ്റൊരു തലം ഭൗതീകമായ വിശ്വാസമാണ്. അതു പെട്ടെന്ന് നിർജ്ജീവമാകും. ഒരുവൻ ധനമാഹാത്മ്യങ്ങളാൽ എത്ര സമ്പന്നനും

പ്രസിദ്ധനും ആയാലും അവനിൽ യഥാർത്ഥമായ ഈശ്വരവിശ്വാസവും പരസ്പര സ്നേഹവും കുടികൊള്ളുന്നില്ല എങ്കിൽ അതു ഉണങ്ങിയ വേരിനോട് സമാനമാണ്. കാലപ്പഴക്കത്തിൽ ആ വൃക്ഷം പൂർണ്ണമായും ഇല്ലാതാകും. അപ്രകാരം നയിക്കപ്പെടുന്ന സാഹചര്യങ്ങൾ ആധുനീക മനുഷ്യന് ഒരു വെല്ലുവിളിയാണ്. അവ പ്രധാനമായും

1. വിശ്വാസത്തെ വെല്ലുവിളിക്കുന്ന സമൂഹം
2. സ്വാർത്ഥതയോടെയുള്ള പെരുമാറ്റം
3. പാപബോധമില്ലായ്മ
4. അനുരഞ്ജന മനോഭാവമില്ലായ്മ

എന്നിവയാണ് .

ആയതിനാൽ ' അബ്ബാ പിതാവേ ' എന്നു വിളിക്കുവാൻ അവകാശം ലഭിച്ച നാമോരോരുത്തരും വിശുദ്ധൻമാരായി ലോകം പ്രഖ്യാപിച്ച മദർതെരെസയെപ്പോലെയും പരി: പരുമലത്തിരുമെനിയെപ്പോലെ യുമുള്ളവരെ ജീവിതത്തിൽ മാതൃകയാക്കി ജീവിക്കേണ്ടത് അവശ്യം ആവശ്യമാണ്. ഇപ്രകാരം വെളിച്ചത്തിന്റെ മക്കളായി, കാര്യവിചാരകത്വം ഉള്ളവരായി, സ്നേഹത്തിലും ഐക്യത്തിലും നടക്കുന്നവരായി അതുവഴി ജീവവൃക്ഷമാകുന്ന യേശുക്രിസ്തുവിന്റെ ജീവനുള്ള വേരുകളായി ശക്തിയും ഓജസ്സുമുള്ള വ്യക്തികളായിത്തീരുവാൻ സാധിച്ചാൽ നമ്മുടെ ജീവിതം ധന്യമായി.

'അഹം' എന്ന ഭാവമകറ്റി, അന്യരെ നമ്മെപ്പോൽ സ്നേഹിക്കുവാനും കരുതുവാനും മറന്നിടല്ലേ' എന്ന കവിവാക്യം ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമാണ്. ആധുനീക സമൂഹം പല വെല്ലുവിളികളും നേരിടുന്ന ഈ സാഹചര്യത്തിൽ മുകളിൽ സൂചിപ്പിച്ച പ്രകാരം നമ്മുടെ ജീവിതചര്യകളെ ആക്കിത്തീർക്കുന്നതുവഴി ദൈവീകരണവും അതിൻപ്രകാരം ക്രിസ്തുവാകുന്ന വൃക്ഷത്തിന്റെ യഥാർത്ഥ വേരുകളുമായി നമുക്കോരോരുത്തർക്കും രൂപാന്തരപ്പെടുവാൻ സാധിക്കട്ടെ.

**Merlin Alex**



# Happy Birthday



Annmaria Polson Pynadath
(1st Birthday on 11th December)



Ashish Paul Alias
(8th Birthday on 5th December)




Basil Saji Thomas
(5th Birthday on 18th December)



Kripa Susan Thomas
(11th Birthday on 2nd December)

## BIBLE CROSSWORD for DECEMBER 2014

The reference for this crossword is taken from 1 Samuel 7, 8 & 9 of KJVBible.




# Across

4. SAMUEL PLACED A STONE HERE SAYING, HITHERTO HATH THE LORD HELPED US.
5. THE NUMBER OF PEOPLE IN THE PARLOUR WHERE SAMUEL TOOK SAUL.
6. THE SECOND BORN OF SAMUEL.
8. THE CITY WHERE SAUL MET SAMUEL.
10. THE ELDERS OF ISRAEL ASKED SAMUEL FOR THIS TO JUDGE THEM.
11. NAME OF THE PAGAN GOD ISRAELITES WORSHIPPED.

## Down

1. THE SYNONYM FOR PROPHET.
2. HERE WAS THE RACHEL'S SEPULCHRE.
3. THE TRIBE OF SAUL.
7. THE PLACE WHERE ISREALITES GATHERED AS INSTRUCTED BY SAMUEL.
9. THE HOUSE OF SAMUEL WAS HERE.
10. SAUL'S FATHER.

## Answer to Bible Crossword - November 2014




*Congratulations.....*

## Winners
### Bible Crossword November 2014

Abel Rajan Varghese

Akhil Basil Paulose

Anitta Mariya Polson

Blessy Mariam Phlip

Dan Abraham

Diya Ann Kuriakose

Ealias Mathew

Edwin Mathew

Irine Mary Paul

Johan Agith

Kevin Shaju

Liya Sara Joseph

Mahal Mani Ulahannan

Merlin Mary

Milan Mani Mathew

Roshan Thomas Roy

Serene Scaria

Tania Rachel Anson

## Quiz No : 8 എഫെസർ

1. വിശുദ്ധ സഭയുടെ അടിസ്ഥാനം ആരെല്ലാം?
2. എന്തിനാണ് നമ്മെ ദൈവം ലോകസ്ഥാപനത്തിന് മുമ്പേ തിരഞ്ഞെടുത്തത്?
3. ക്രിസ്തുവിൻേറയും ദൈവത്തിൻേയും രാജ്യത്തിൽ അവകാശമില്ലാത്തതാക്കെല്ലാം?
4. ആത്മീയ ഭടൻെറ ശിരസ്ത്രം എന്ത്?
5. ക്രിസ്തു സഭയെ സ്നേഹിച്ചതുപ്പോലെ ഭർത്താക്കന്മാർ ആരെ സ്നേഹിക്കണം?
6. ദൈവജനത്തിൻെറ അവകാശത്തിൻെറ അച്ചാരം എന്ത്?
7. എന്ത്കൊണ്ടാണ് ജാതികൾ വ്യർത്ഥബുദ്ധി അനുസരിച്ച് നടക്കുന്നത്?
8. യേശുക്രിസ്തു മുഖാന്തരം ഇരുപക്ഷക്കാർക്കും എവിടെ പ്രവേശനം കിട്ടി?
9. ഇതു ദുഷ്കാലമാകയാൽ തക്കത്തിൽ ഉപയോഗിക്കേണ്ടത് എന്ത്?
10. ദുർദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നില്ക്കുവാനും കഴിയേണ്ടതിന് എന്ത് എടുക്കണം?
11. ലേഖനങ്ങളുടെ രാജ്ഞി എന്നറിയപ്പെടുന്ന പുസ്തകം?
12. ക്രിസ്തു വിശ്വാസത്താൽ എവിടെ വസിക്കണം?
13. വാഗ്ദത്തത്തോട് കൂടിയ ആദ്യ കല്പനയെന്താണ്?
14. തുയോബോയുടെ അർത്ഥം എന്ത്?
15. തവ്വോനോ എന്തിനുപയോഗിക്കുന്നു?

## Answer -- Quiz No : 7 ഗലാത്യർ

1. ക്രസ്തുവിൻെറ ക്രൂശ് നിമിത്തം 6:12
2. ശപിക്കപ്പെട്ടവൻ 1:9
3. താൻ ഓടുന്നതോ ഓടിയതോ വെറുതെ എന്നു വരാതിരിപ്പാൻ 2:2
4. രക്ഷകന്മാർക്കും ഗൃഹവിചാരകന്മാർക്കും 4:2
5. ന്യായപ്രമാണം മുഴുവനും നിവർത്തിപ്പാൻ കടപ്പെട്ടിരിക്കുന്നു. 5:3
6. നിത്യ ജീവനെ 6:8
7. പൌലോസിന് 2:8
8. അബ്രാഹാമിൻെറ 3:14
9. കേഫാവുമായി 1:18
10. ഓഹരി 6:6
11. യെഹൂദ്യയിലെ 1:22
12. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്ന ഏക വാക്യത്തിൽ 5:14
13. ദൈവത്തിനായി ജീവിക്കേണ്ടതിന് 2:19
14. ഹാഗർ 4:24
15. നീതി

## Winners - Quiz No. 7

Beena Mathew
Elsy Abraham
Jismol Jayan
Joji Susan Mani
Lali Chandy Joshua
Lissy Paulose
Moly Baby
Sarala Jacob
Sezil Baby
Shaiby Baby
Sheeba Roy
Sheeja Polson
Shelby Jacob
Shiny Binu
Suni Philip
Synee Deena Varughese

*Congratulations.....*



Usha Achenkunju

## ADULTS COMPETITION 2014 - WINNERS

| Sl. No | Item | I | II | III |
|---|---|---|---|---|
| 1 | **Solo Song Female** | Deepa Thomas | Joji Susan Mani | Mini Jose |
| 2 | **Solo Song Male** | Poulose M K | Shaju Ittiera | Alex Kurian |
| 3 | **Group Song** | **Koinoniya:** Deepa Thomas, Shaju Ittiera, Kunjumol Mathew, Bisy Eby, Eldho PP, Gijo Rajan, Thara Roshan | **Agapae:** Manosh Korah, Alex Kurian, Shelby Jacob, Suni Philip, Bisha Paul, Pretty Vinod, Roji Ajish | Kadesh: Moly Baby, Prasanth Paul, Anes Jinu, Jasmin Varghese, Jismol Jayan, Lijo George, Lissy Paul |
| 4 | **Speech - Female** | Moly Baby | Anu K Abraham | Kunjumol Mathew |
| 5 | **Speech - Male** | Baby Paul | Eldho Alias Palayil | Baby M P |
| 6 | **Bible Quiz** | **Daan:** Shelby Jacob, Suni Philip, Shini Raigi George, Shiny Binu, Siji Lal | **Ephraem:** Blessy Prajeesh, Anitha Varghese, Jincy Eldho, Rini Susan Mathew, Ziby Benny | **Ghaad:** Poulose M K, Anu K Abraham, Prasanth Paul, Jayamol Rincy, Simi Alias |
| 7 | **Bible Reading** | Moly Baby | Manosh Korah | Blessy Prajeesh |
| 8 | **Bible Verses Test** | Rosy Thomas | Joji Susan Mani | Moly Baby & Mini Jose |
| 9 | **Essay Creative Writing** | Merlin Alex | Baby Paul | Joji Susan Mani & Mini Jose |
| 10 | **Poem Creative Writing** | Joji Susan Mani | Baby Paul | Poulose M K |
| 11 | **Fancy Dress** | Baby Paul | Moly Baby | Shelby Jacob |

# Adults Competition










# Adults Competition










# Adults Competition









# Adults Competition











## Social Service League's Food Distribution @ Abdul Aal Labour Camp & Manama Contracting Labour Camp

